# KANAM
# ST. MARY'S CHURCH



**കോ**ട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി താലൂക്കിൽ വാഴൂർ പ്രദേശത്ത് കാനം കരയിൽ പ്രകൃതിരമണീയമായ ഒരു ചെറിയ കുന്നിൻപുറത്ത് വിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ സ്ഥിതിചെയ്യുന്ന മനോഹരമായ ഒരു ചെറിയ ദേവാലയമാണ് ''കാനം സെന്റ് മേരീസ് പുത്തൻ പള്ളി''. ഇന്നുവരെയും പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കാ സിംഹാസനത്തിൽ അടിയുറച്ച്, അണുവിടപോലും വ്യതിചലിക്കാതെ വിശ്വാസി സമൂഹം മുൻപോട്ടു പോകുന്നു

1935–ാം ആണ്ട് മേയ്മാസം 1–ാം തീയതി ഈ പ്രദേശത്തെ പൗരപ്രമാണികളായ വെട്ടുവേലിൽ തൊമ്മൻ ചാണ്ടി, പീടിയേക്കൽ തൊമ്മി മത്തായി, കുമ്മൻകുളത്ത് ഉതുപ്പ് വർഗീസ്, കടവുംഭാഗത്ത് തോമസ് കുരുവിള, തടത്തിൽ മത്തായി ഏബ്രഹാം മറ്റു പല പ്രമുഖരും തടത്തിൽ മത്തായി ഏബ്രഹാമിന്റെ ഭവനത്തിൽ ഒത്തുചേർന്ന്, പരിസര പ്രദേശത്തെ നസ്രാണികളുടെ ആത്മീയ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ഒരു ദേവാലയം ആവശ്യമെന്ന് തീരുമാനിക്കുകയും അതിൻപ്രകാരം ദേവാലയത്തിനു വേണ്ട സ്ഥലം തടത്തിൽ മത്തായി ഏബ്രഹാം സംഭാവനയായി നൽകാമെന്ന് സമ്മതിക്കുകയും ചെയ്തു. മേൽ നടപടിയായി പള്ളി നിർമ്മാണത്തിന് അനുമതിക്കായി സർക്കാരിലേക്ക് അപേക്ഷിക്കുകയും ചെയ്തു.

1935–ാം ആണ്ട് നവംബർ മാസം 30–ാം തീയതി (1111–ാമാണ്ട് ഇടവം 15) ആദ്യ ദേവാലയത്തിന് കോട്ടയം, കൊല്ലം, തുമ്പമൺ ഭദ്രാസനങ്ങളുടെ മീഖായേൽ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ തിരുമനസ്സ് ശിലാസ്ഥാപനം നടത്തി. തുടർന്ന് പള്ളിപണി ആരംഭിച്ചു. പുതുതായി നിർമ്മിക്കുന്ന ദേവാലയത്തിനു സമീപം താൽക്കാലിക പള്ളി നിർമ്മിച്ച് കടവുംഭാഗത്ത് അലക്സ് അന്ത്രയോസ് കോറെപ്പിസ്കോപ്പയുടെ പ്രധാന കാർമ്മികത്വത്തിലും വെള്ളൂപ്പറമ്പിൽ ഏബ്രഹാം കത്തനാരുടെ സഹകാർമ്മകത്വത്തിലും വി. ദൈവമാതാവിന്റെ തിരുനാൾ ആഘോഷിച്ചു. തുടർന്ന് ഈ വൈദിക ശ്രേഷ്ഠർ കുർബ്ബാന അർപ്പിച്ചുപോന്നു. ഈ കാലഘട്ടങ്ങളിൽ വൈദ്യൻപറമ്പിൽ കുര്യാക്കോസ് കത്തനാരുടെ സേവനവും പള്ളി പണിക്ക് പ്രചോദനം നൽകി. 1937–ാം ആണ്ട് ജനുവരി മാസം പുതിയ പള്ളിയുടെ കൂദാശ നടത്തി തുടർന്നുപോരവേ ജനബാഹുല്യം നിമിത്തം പള്ളിയുടെ വലിപ്പം മതിയാകാതെ വന്നപ്പോൾ 1948 ൽ തടത്തിൽ മത്തായി ഏബ്രഹാം തന്നെ നേതൃത്വം കൊടുത്ത് പള്ളി പുതുക്കിപ്പണിയുവാൻ തുടങ്ങി. 1950 ൽ പൂർത്തിയാക്കി. ആ കാലഘട്ടങ്ങളിൽ പഴയമഠത്തിൽ മാത്യൂസ് കത്തനാർ, പുളിമൂട്ടിൽ യൗസേപ്പ് കത്തനാർ, വട്ടമല ഏബ്രഹാം കത്തനാർ എന്നീ വൈദികർ വി. കുർബ്ബാന അർപ്പിച്ചുപോന്നു. 1954 ൽ തടത്തിൽ മത്തായി ഏബ്രഹാമിന്റെയും അന്നമ്മയുടെയും ഇളയമകൻ ഏബ്രഹാം ഇടവകയ്ക്കുവേണ്ടി വൈദികപട്ടം ഏൽക്കുകയും ഇടവകപട്ട

ക്കാരനായി തുടർന്ന് പള്ളി നടത്തിപ്പോരുകയും ചെയ്തു. ഈ കാലഘട്ടങ്ങളിൽ ഏകദേശം 75 ൽപരം ഭവനങ്ങൾ ഇടവകക്കാരായി നിലകൊണ്ടിരുന്നു. എന്നാൽ 1970 കളിൽ സഭാവിഷയം രൂക്ഷമായപ്പോൾ ഏകദേശം അൻപതോളം വീട്ടുകാർ സമീപപ്രദേശത്തെ പള്ളികളിലേക്ക് ചേക്കേറി.

1997 ൽ കാലഘട്ടത്തിനുചേരുന്ന രീതിയിൽ ആധുനികത വിളിച്ചോതുന്ന ഒരു ദേവാലയം നിർമ്മിക്കണമെന്ന് ഇടവകക്കാർ തീരുമാനിക്കുകയും, അതനുസരിച്ച് പണം സ്വരൂപിക്കുവാൻ തുടങ്ങുകയും നിർമ്മാണ കമ്മറ്റിക്ക് രൂപം കൊടുക്കുകയും ചെയ്തു. ഈ കാലയളവിൽ വികാരി തടത്തിൽ ഏബ്രഹാം കോറെപ്പിസ്കോപ്പ അമേരിക്കൻ ഐക്യനാടുകൾ സന്ദർശിച്ച് പുതിയ പള്ളിയുടെ നിർമ്മാണത്തിനു വേണ്ട ചെലവിൽ സിംഹഭാഗവും സ്വരൂപിക്കുകയും ചെയ്തു. പഴയ പള്ളി പൂർണ്ണമായും പൊളിച്ചുമാറ്റി. പൂവാടിൽ ശ്രീ. പി. ജെ. കുരുവിള രൂപകല്പന ചെയ്ത പള്ളിയുടെ ശിലാസ്ഥാപനം 1998 മേയ് മാസം 10–ാം തീയതി ഇടവക മെത്രാപ്പോലീത്ത ഡോ. ഗീവർഗീസ് മാർ ഗ്രീഗോറിയോസ് നടത്തി. ദ്രുതഗതിയിൽ ആറുമാസം കൊണ്ട് പണിപൂർത്തിയായി. 1999 ജനുവരി മാസം 14, 15 തീയതികളിൽ പെരുനാളിനോടനുബന്ധിച്ച്, കിഴക്കിന്റെ വലിയ മെത്രാപ്പോലീത്ത ഏബ്രഹാം മോർ ക്ലീമീസ്, ഡോ. തോമസ് മോർ തിമോത്തിയോസ് എന്നീ തിരുമേനിമാർ, സഭയിലെ അനേകം വൈദികർ, ഇതര സമുദായ മേലദ്ധ്യക്ഷന്മാർ, രാഷ്ട്രീയ, സംസ്ക്കാരിക നായകന്മാർ, നാനാ ജാതി മതസ്ഥർ എന്നിങ്ങനെ അനേകായിരങ്ങൾ പങ്കെടുത്ത് നാടിന്റെ ആഘോഷമായി കൂദാശ നിർവ്വഹിക്കപ്പെട്ടു. ഈ കാലഘട്ടങ്ങളിൽ ഇതിനൊക്കെയും ചുക്കാൻ പിടിച്ച തടത്തിൽ ഏബ്രഹാം കോറെപ്പിസ്കോപ്പ അച്ചൻ സ്മരണയിൽ എന്നെന്നും മായാതെ നിൽക്കും. 50 വർഷക്കാലം പള്ളിയെ സ്നേഹിച്ച വന്ദ്യ വൈദികൻ 2004 മാർച്ച് മാസം 19–ാം തീയതി യശഃശരീരനായി.

സൺഡേസ്കൂൾ, വനിതാ സമാജം, യുത്ത് ലീഗ്, കർമ്മസേന എന്നിവയും പ്രവർത്തിക്കുന്നു. എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന ഇടവകയിലെ ഒന്നും രണ്ടും സ്ഥാനക്കാരായ കുട്ടികൾക്ക് കാഷ് അവാർഡ് നൽകുന്നതിന് മൺമറഞ്ഞ ബഹു. ഏബ്രഹാം കോറെപ്പിസ്കോപ്പാ അച്ചൻ ഒരു എൻഡോവ്മെന്റ് രൂപീകരിച്ചിട്ടുണ്ട്. അതു കാലാകാലങ്ങളിൽ നൽകിവരുന്നു.

2004 മുതൽ മാറിമാറി മൂന്നു വികാരിമാർ വിശുദ്ധ കുർബ്ബാന അർപ്പിക്കുകയും ചെയ്തുപോന്നു. ഇപ്പോൾ ഫാ. ജേക്കബ് നൈനാൻ ഇലപ്പനാൽ പ്രധാന വികാരിയായി സേവനമനുഷ്ഠിക്കുന്നു. 45 വർഷത്തെ നിസ്തുല സേവനം നടത്തിയ ശുശ്രൂഷകനാണ് മാറംവേലിൽ കോര വർഗീസ്. തികച്ചും ജനാധിപത്യ രീതിയിൽ പള്ളി ഭരണസമിതിയെ തെരഞ്ഞെടുക്കുന്നു.

*Source: Kottayam Diocese Souvenir, 2007*

SyrianChurch.org